# വിലയിരുത്തൽ

വിദ്യാർത്ഥികളുടെ സർഗ്ഗാത്മക കഴിവുകളും കലാപരമായ വളർച്ചയും മനസിലാക്കുന്നതിലും പരിപോഷിപ്പിക്കുന്നതിലും കലാ വിദ്യാഭ്യാസത്തിലെ വിലയിരുത്തലുകൾ നിർണായക പങ്ക് വഹിക്കുന്നു. പരമ്പരാഗത വിഷയങ്ങളിൽ നിന്ന് വ്യത്യസ്തമായി, കലാ വിദ്യാഭ്യാസ വിലയിരുത്തലുകൾ സർഗ്ഗാത്മകത, വിമർശനാത്മക ചിന്ത, സാങ്കേതിക പ്രാവീണ്യം, ആവിഷ്കാര കഴിവുകൾ എന്നിവയുൾപ്പെടെ വൈവിധ്യമാർന്ന കഴിവുകൾ വിലയിരുത്തുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ഈ വിലയിരുത്തലുകൾ പുരോഗതിയും വൈദഗ്ധ്യവും അളക്കാൻ മാത്രമല്ല, പര്യവേക്ഷണം, സ്വയാവിഷ്കാരം, കലകളോടുള്ള ആഴത്തിലുള്ള മതിപ്പ് എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനും കൂടിയാണ് രൂപകൽപ്പന ചെയ്തിരിക്കുന്നത്.

## മൂല്യനിർണ്ണയ പ്രക്രിയകൾ

മൂല്യനിർണ്ണയ പ്രക്രിയകൾ പ്രാഥമികമായി സ്കിൽസിനെ അടിസ്ഥാനമാക്കിയുള്ളതിനാൽ, ഇത് കുട്ടിനൽകുന്ന ‘ശരിയായതോ തെറ്റായതോ ആയ ഉത്തരത്തെ’ ആശ്രയിച്ചിരിക്കുന്നില്ല. അതിനാൽ ചോദ്യപേപ്പറുകളും എഴുതിയ ഉത്തരങ്ങളും ഉപയോഗിച്ച് ‘ടെസ്റ്റുകൾ’ രൂപപ്പെടുത്താതിരിക്കേണ്ടത് പ്രധാനമാണ്. കലാവിദ്യാഭ്യാസ പാഠ്യപദ്ധതിയിൽ ഉപയോഗിക്കുന്ന സമീപനത്തിന്റെ ഉദ്ദേശ്യത്തെ ഇത് പൂർണ്ണമായും പരാജയപ്പെടുത്തും. പോർട്ട്ഫോളിയോകൾ,

0680CH22

പ്രകടന അവലോകനങ്ങൾ, പ്രോജക്റ്റ് അധിഷ്ഠിത വിലയിരുത്തലുകൾ, പ്രതിഫലന സ്വയം വിലയിരുത്തലുകൾ തുടങ്ങിയ വൈവിധ്യമാർന്ന മൂല്യനിർണ്ണയ രീതികൾക്ക് ഒരു വിദ്യാർത്ഥിയുടെ അതുല്യവും കലാപരവുമായ യാത്രയെക്കുറിച്ച് ഉൾക്കാഴ്ച നൽകാൻ കഴിയും.

ഇനിപ്പറയുന്ന പേജുകളുടെ രൂപകൽപ്പന, സംഗ്രഹാത്മക വിലയിരുത്തലുകൾക്കുള്ള ഒരു ഘടന നിർദ്ദേശിക്കുന്നു. ഓരോ മാനദണ്ഡത്തിലും വിലയിരുത്തൽ അടയാളപ്പെടുത്തുന്നതിന് 5 പോയിന്റ് സ്കെയിൽ നിർദ്ദേശിക്കുന്നു. കുട്ടികളുടെ പുരോഗതിയെക്കുറിച്ച് വ്യക്തത ലഭിക്കാൻ ഇത് അധ്യാപകർക്കും രക്ഷിതാക്കൾക്കും വിദ്യാർത്ഥികൾക്കും സഹായകമാകും . ചുവടെയുള്ള പട്ടിക 5 പോയിന്റ് സ്കെയിൽ അടയാളപ്പെടുത്തുന്നതിനുള്ള റഫറൻസായി ഉപയോഗിക്കാം. ഓരോ പ്രവർത്തനത്തിനും വിശദമായി റൂബ്രിക്സ് വികസിപ്പിക്കാൻ കഴിയും.

ക്വാണ്ടിറ്റേറ്റീവ് അസസ്മെന്റ് (സ്കോറുകളും ഗ്രേഡുകളും ഉപയോഗിച്ചുള്ള വിലയിരുത്തൽ )ക്വാളിറ്റേറ്റീവ് ( കുട്ടിയുടെ പെരുമാറ്റം, താൽപ്പര്യം, പുരോഗതി, റൂബ്രിക്സിൽ പരാമർശിക്കാത്ത മറ്റ് വശങ്ങൾ എന്നിവയെക്കുറിച്ചുള്ള അധ്യാപകന്റെ നിരീക്ഷണങ്ങൾ) എന്നിവ സംയോജിപ്പിക്കേണ്ടത് പ്രധാനമാണ്

© NCERT not to be republished

ഓരോ ക്ലാസിലെയും നിരീക്ഷണങ്ങളെ അടിസ്ഥാനമാക്കിയുള്ളതാണ് ഫോർമേറ്റീവ് വിലയിരുത്തൽ, സമ്മേറ്റീവ് വിലയിരുത്തൽ മൂല്യനിർണ്ണയത്തിനായി അനുവദിക്കാൻ ഒരു ദിവസം മുഴുവൻ എടുക്കും. മൂല്യനിർണ്ണയത്തിനുള്ള തയ്യാറെടുപ്പിൽ സ്ഥലം, മെറ്റീരിയലുകൾ, ഉപകരണങ്ങൾ, മറ്റ് അവശ്യ വസ്തുക്കൾ എന്നിവ ശേഖരിക്കുന്നതും സംഘടിപ്പിക്കുന്നതും ഉൾപ്പെടാം. ആവശ്യപ്പെടുന്ന കാര്യങ്ങളെ അടിസ്ഥാനമാക്കി വിദ്യാർത്ഥികൾ സ്വമേധയാ തത്സമയം അത് സൃഷ്ടിക്കണം.

| വിദ്യാർത്ഥിയുടെ പഠന നില | സംഖ്യാ സ്കെയിൽ | ഗ്രേഡുകൾ |
|---|---|---|
| തുടക്കം | 1 | ഇ |
| വികസനം | 2 | ഡി |
| പ്രതീക്ഷ നൽ കുന്നു | 3 | സി |
| പ്രാവീണ്യം | 4 | ബി |
| മികച്ചത് | 5 | എ |

*2023 ലെ ദേശീയ പാഠ്യപദ്ധതി ചട്ടക്കൂടിൽ നിന്നുള്ള പാഠ്യപദ്ധതി ലക്ഷ്യങ്ങൾ (സിജി), യോഗ്യത (സി) എന്നിവയെ അടിസ്ഥാനമാക്കിയാണ് മൂല്യനിർണ്ണയം . റഫറൻസിനായി QR കോഡ് ലഭ്യമാണ്*

© NCERT not to be republished

# ഫോർമേറ്റീവ് വിലയിരുത്തൽ

| CG | C | പൊതുവായ മാനദണ്ഡങ്ങൾ | വിഷ്വൽ ആർട്ടിലെ നിർദ്ദിഷ്ട പഠന ഫലങ്ങൾ | അദ്ധ്യായം | അദ്ധ്യാപിക | സ്വയം |
|---|---|---|---|---|---|---|
| സി ജി 1 | സി-3.1 | സഹകരണവുംകൂട്ടായ പ്രവർത്തനവും | 1. അവരുടെ ദൈനംദിന നിരീക്ഷണങ്ങളെ അടിസ്ഥാനമാക്കി കലാസൃഷ്ടികൾ സൃഷ്ടിക്കുന്നു. | 1, 2, 3 | | |
| | | | 2. നിറങ്ങളും വികാരവും തമ്മിലുള്ള ബന്ധം ചർച്ച ചെയ്യുക | 2 | | |
| | | | 3. നിറങ്ങളെ മാനസികാവസ്ഥയുമായും വികാരങ്ങളുമായും ബന്ധിപ്പിക്കുന്നു। | 2 | | |
| | | സഹകരണവും ടീം വർക്കും | 4. ഛായാചിത്രങ്ങൾ നിർമ്മിക്കുമ്പോൾ സമപ്രായക്കാരുമായി സഹകരിക്കുക. | 3 | | |
| | | | 5.കലാസൃഷ്ടികൾ നിർമിക്കുമ്പോളും പ്രദർശിപ്പിക്കുമ്പോളും പരസ്പരം സഹായിക്കുക | എല്ലാം | | |
| സി ജി2 | സി-3.2 | സ്റ്റീരിയോടൈപ്പുകൾ തിരിച്ചറിയൽ | 6. പ്രകൃതിയെ ചിത്രീകരിക്കാൻ ഉപയോഗിക്കുന്ന യാഥാസ്ഥിതിക രൂപങ്ങളെ തിരിച്ചറിയുന്നു. | 2, 3 | | |
| | | | 7.ആളുകളെ ചിത്രീകരിക്കുമ്പോഴുള്ള ലൈംഗിക സ്റ്റീരിയോടൈപ്പുകൾ മനസിലാക്കുക | 3 | | |
| | C-4.1, C-4.2 | ഭാവനയും സർഗ്ഗാത്മകതയും | 8. വസ്തുക്കൾ, പ്രകൃതി, മനുഷ്യർ എന്നിവയുടെ സൂക്ഷ്മമായ വിശദാംശങ്ങൾ നിരീക്ഷിക്കുന്നു. | 1, 2, 3 | | |
| | | | 9. വിവിധ റോളുകളിൽ എല്ലാ ലിംഗത്തിലും രൂപത്തിലും പെട്ട ആളുകളെ ചിത്രീകരിക്കുന്നു. | 3 | | |
| | | | 10. പേപ്പർ കരകൗശല വസ്തുക്കൾക്കും സീലുകൾക്കുമായി സ്വന്തം പാറ്റേണുകളും രൂപഘടനകളും സൃഷ്ടിക്കുന്നു. | 4, 5 | | |

© NCERT not to be republished

| CG | C | പൊതുവായ മാനദണ്ഡങ്ങൾ | വിഷ്വൽ ആർട്ടിലെ നിർദ്ദിഷ്ട പഠന ഫലങ്ങൾ | അദ്ധ്യായം | അദ്ധ്യാപിക | സ്വയം |
|---|---|---|---|---|---|---|
| സി ജി3 | വിഷ്വൽ ആർട്ടിലെ മിഡ്-ടേം ഫോർമേറ്റീവ് അസസ്മെന്റ് അഗ്രഗേറ്റ് | വസ്തുക്കൾ, ഉപകരണങ്ങൾ, തന്ത്രങ്ങൾ എന്നിവയുടെ ഉപയോഗം | 11. പെൻസിലുകൾ ഉപയോഗിച്ച് ഷേഡോയും ലൈറ്റും സൃഷ്ടിക്കുന്നു. | 1, 2 | | |
| | | | 12 .നിത്യോപയോഗ വസ്തുക്കൾ ചിത്രീകരിക്കുമ്പോൾ നിങ്ങളുടെ കാഴ്ചപ്പാടും ഉപയോഗിക്കുക | 1 | | |
| | | | 13. തിരഞ്ഞെടുത്ത ഏതെങ്കിലും മാധ്യമം ഉപയോഗിച്ച് കളർ ടിന്റുകളും ഷേഡുകളും സൃഷ്ടിക്കുന്നു. | 2 | | |
| | | | 14. കലാസൃഷ്ടികൾക്കായി വിവിധ വസ്തുക്കളും ഉപരിതലങ്ങളും ഉപയോഗിച്ചുള്ള പരീക്ഷണങ്ങൾ. | 2 | | |
| | | | 15. സ്വന്തം സ്റ്റാമ്പുകളും സീലുകളും ഉപയോഗിച്ച് അച്ചടിക്കുന്ന വസ്തു സൃഷ്ടിക്കുന്നു. | 5 | | |
| | സി-3.2 | തയ്യാറെടുപ്പ് മുതൽ അവതരണം വരെയുള്ള പ്രവർത്തന പ്രക്രിയ | 16. ഫ്ലിപ്ബുക്കുകൾ, പേപ്പർ കരകൗശല വസ്തുക്കൾ എന്നിവ നിർമ്മിക്കുമ്പോഴോ പ്രകൃതിദത്ത നിറങ്ങൾ തയ്യാറാക്കുമ്പോഴോ തുടർച്ചയായ ഘട്ടങ്ങൾ പിന്തുടരുക. | 1, 2, 4 | | |
| | | | 17. ആശയങ്ങൾ പരിഷ്കരിക്കുകയും മുദ്രകൾ നിർമ്മിക്കുമ്പോൾ പരീക്ഷണങ്ങൾ നടത്തുകയും ചെയ്യുന്നു. | 5 | | |
| സി ജി4 | C-4.1 and C-4.2 | പ്രാദേശികവും തദ്ദേശീയവുമായ കലാ രൂപങ്ങളെക്കുറിച്ചും കലാകാരന്മാരെയും കുറിച്ചുള്ള അറിവ് | 18. ബുദ്ധന്റെ മുഖത്തിന്റെ സവിശേഷതകളെ വ്യത്യസ്ത ശൈലികളിൽ താരതമ്യം ചെയ്യുന്നു. | 3 | | |
| | | | 19. പരമ്പരാഗതമായി ഉപയോഗിക്കുന്ന വസ്തുക്കൾ, ഉപകരണങ്ങൾ, ഉപരിതലങ്ങൾ എന്നിവ വിവരിക്കുന്നു. | 2 | | |
| | | | 20. കലാകാരന്മാരുടെ പേരുകൾ, കലാ പാരമ്പര്യങ്ങൾ എന്നിവ ഓർമ്മിക്കുകയും അവരുടെ സൃഷ്ടികളെ വിവരിക്കുകയും ചെയ്യുന്നു. | All | | |
| ദൃശ്യ കലയിലെ അർദ്ധ വാർഷിക ഫോർമേറ്റീവ് അസസ്മെന്റ് അഗ്രഗേറ്റ് | | | | | | |
| ദൃശ്യ കലയിലെ വാർഷിക ഫോർമേറ്റീവ് അസസ്മെന്റ് അഗ്രഗേറ്റ് | | | | | | |

© NCERT not to be republished

| CG | C | പൊതുവായ മാനദണ്ഡങ്ങൾ | സംഗീതത്തിലെ നിർദ്ദിഷ്ട പഠന ഫലങ്ങൾ | അദ്ധ്യായം | അദ്ധ്യാപിക | സ്വയം |
|---|---|---|---|---|---|---|
| സി ജി1 | സി -1.1 | ദൈനംദിന അനുഭവങ്ങളുടെ ആവിഷ്കാരം | 1. വികാരങ്ങളെ (ഉദാഹരണത്തിന് ഉത് കണ്ഠ, ഭയം, ആശ്ചര്യം, സന്തോഷം, കോപം മുതലായവയുമായി ബന്ധപ്പെട്ട വികാരങ്ങൾ) ശബ്ദവും ശരീരത്തിന്റെ കൂട്ടായ പ്രവർത്തനവും ഉപയോഗിച്ച് വിവരിക്കുന്നു. | 6 | | |
| | | | 2. വിവിധ വികാരങ്ങൾ പ്രകടിപ്പിക്കുന്ന പാട്ടുകൾ തിരിച്ചറിയുകയും കാരണം വിശദീകരിക്കുകയും ചെയ്യുന്നു. | 6 | | |
| | | | 3. ഉച്ച്ച സ്ഥായി, ഡൈനാമിക്സ്, താളം, വികാരങ്ങൾ എന്നിവ തമ്മിലുള്ള ബന്ധം ചർച്ച ചെയ്യുന്നു. | 6 | | |
| | സി -1.2 | സഹകരണവും കൂട്ടായ പ്രവർത്തനവും | 4. ലളിതമായ ഒരു തിരക്കഥ സൃഷ്ടിക്കാൻ സമപ്രായക്കാരുമായി സഹകരിക്കുകയും സംഗീത ഘടകങ്ങളും പഠിച്ച ഗാനങ്ങളും ഉപയോഗിച്ച് സാഹചര്യം അവതരിപ്പിക്കാൻ ശ്രമിക്കുകയും ചെയ്യുന്നു. | 6 | | |
| | | | 5. പാട്ടുകൾ ഉപയോഗിച്ച് വിവിധ വികാരങ്ങൾക്കായി ഒരു വിഷയാസ്പത ഗാനങ്ങളുടെ പ്ലേലിസ്റ്റ് സൃഷ്ടിക്കുന്നു. | 6, 7 | | |
| സി ജി2 | സി -2.1 | സ്റ്റീരിയോടൈപ്പുകൾ തിരിച്ചറിയൽ | 6. സംഗീതത്തിലെ സ്റ്റീരിയോടൈപ്പുകളുടെ ഉദാഹരണങ്ങൾ നൽകുന്നു. | 10 | | |
| | | | 7. രാജ്യത്തിന്റെ സാംസ്കാരിക വൈവിധ്യത്തെ ആഘോഷിക്കുന്നതിനായി ചർച്ച ചെയ്യുകയും പാട്ടുകൾ ആലപിക്കുകയും ചെയ്യുന്നു. | 10 | | |
| | | | 8. വ്യക്തിപരമായി അവരെ പ്രചോദിപ്പിക്കാൻ സഹായിക്കുന്ന പാട്ടുകൾ ചർച്ച ചെയ്യുന്നു. | 11 | | |
| | സി -2.2 | ഭാവനയും സർഗ്ഗാത്മകതയും | 9. ഒരു പ്രമേയത്തെ അടിസ്ഥാനമാക്കി ലളിതമായ ഗാനങ്ങൾ എഴുതാനുള്ള ശ്രമങ്ങൾ. | 10 | | |
| | | | 10. ഏതൊരു പാട്ടിലെയും പ്രധാന വികാരം തിരിച്ചറിയുകയും കാരണങ്ങൾ ചർച്ച ചെയ്യുകയും ചെയ്യുന്നു. | 10 | | |
| | | | | 7 | | |

© NCERT not to be republished

| CG | C | പൊതുവായ മാനദണ്ഡങ്ങൾ | സംഗീതത്തിലെ നിർദ്ദിഷ്ട പഠന ഫലങ്ങൾ | അദ്ധ്യായം | അദ്ധ്യാപിക | സ്വയം |
|---|---|---|---|---|---|---|
| CG3 | C | വസ്തുക്കൾ, ഉപകരണങ്ങൾ, തന്ത്രങ്ങൾ എന്നിവയുടെ ഉപയോഗം | 12.മരം, ലോഹം, ചരട്, മൺപാത്രങ്ങൾ തുടങ്ങിയ വസ്തുക്കളെ അടിസ്ഥാനമാക്കിയുള്ള സംഗീത ഉപകരണങ്ങൾ തിരിച്ചറിയുകയും സാധ്യമാകുമ്പോൾ നിർമ്മിക്കുകയും ചെയ്യുക. | 7 | | |
| | | | 13.ഉപയോഗത്തിനനുസരിച്ച് ക്ലാസ്സിൽ ലഭിക്കുന്നതോ നിർമിക്കവുന്നതോ ആയ ഉപകരണങ്ങളെ തരം തിരിക്കുക | 7 | | |
| | | | 14. നൽകിയ പശ്ചാത്തല സംഗീതം ഉപയോഗിച്ച് പഠിച്ച പാട്ടുകൾ പാടാനുമുള്ള ശ്രമങ്ങൾ.. | 9 | | |
| | | തയ്യാറെടുപ്പ് മുതൽ അവതരണം വരെയുള്ള പ്രവർത്തന പ്രക്രിയ | 15 വിവിധ മതപാരമ്പര്യങ്ങളിൽ നിന്ന് പഠിച്ച ഗാനങ്ങൾ അവതരിപ്പിക്കുന്നു | 9 | | |
| | | | 16 . പ്രാദേശിക ഗാനങ്ങളോ ഇന്ത്യയുടെ വ്യത്യസ്ത ഭാഗങ്ങളിലെ ഗാനങ്ങളോ തിരഞ്ഞെടുക്കാൻ സമപ്രായക്കാരുമായി പ്രവർത്തിക്കുന്നു. | 9 | | |
| | | | 17. തിരഞ്ഞെടുപ്പ് വിശദീകരിക്കുന്ന ആമുഖത്തോടെ പ്രേക്ഷകർക്ക് ഗാനങ്ങൾ അവതരിപ്പിക്കുന്നു. | 9 | | |
| CG4 | | പ്രാദേശികവും തദ്ദേശീയവുമായ കലാ രൂപങ്ങളെക്കുറിച്ചും കലാകാരന്മാരെയും കുറിച്ചുള്ള അറിവ് | 18.ഉത്തരേന്ത്യൻ സംഗീതവും ദക്ഷിണേന്ത്യൻ ശാസ്ത്രീയ സംഗീതവും തമ്മിലുള്ള വ്യത്യാസങ്ങൾ തിരിച്ചറിയുന്നു. | 8 | | |
| | | | 19.ഹിന്ദുസ്ഥാനി ,കർണാട്ടിക് പാരമ്പര്യങ്ങളിൽ നിന്നുള്ള ഗാനങ്ങൾ പാടാൻ ശ്രമിക്കുക | 8 | | |
| | | | 20.പ്രാദേശികവും രാഷ്ട്രത്തിൽ അറിയപ്പെടുന്നതും ആയ കലാകാരന്മാരെ ഓർത്തെടുക്കുകയും അവരുടെ കലാസൃഷ്ടികൾ വിഷധീകരിക്കുകയും ചെയ്യുക | 8 | | |
| സംഗീതത്തിലെ അർദ്ധ വാർഷിക ഫോർമേറ്റീവ് അസസ്മെന്റ് അഗ്രഗേറ്റ് | | | | | | |
| സംഗീതത്തിലെ വാർഷിക ഫോർമേറ്റീവ് അസസ്മെന്റ് അഗ്രഗേറ്റ് | | | | | | |

© NCERT not to be republished

| CG | C | പൊതുവായ മാനദണ്ഡങ്ങൾ | നൃത്തത്തിലും ചലനത്തിലും നിർദ്ദിഷ്ട പഠന ഫലങ്ങൾ | അദ്ധ്യായം | അദ്ധ്യാപിക | സ്വയം |
|---|---|---|---|---|---|---|
| സി ജി1 | സി-1.1 | ദൈനംദിന അനുഭവങ്ങളുടെ ആവിഷ്കാരം | 1. ദൈനംദിന ദിനചര്യകളിൽ ശരീര ചലനങ്ങൾ പ്രകടമാക്കുന്നു. | 12 | | |
| | | | 2. ദൈനംദിന പ്രവർത്തനങ്ങൾ കാണിക്കുന്നതിന് താളവും ഭാവങ്ങളും സംയോജിപ്പിക്കുക. | 12 | | |
| | | | 3. നൃത്തരൂപങ്ങളെ അവയുടെ ചുറ്റുപാടുകളിൽ തിരിച്ചറിയുക. | 14 | | |
| | സി-1.2 | സഹകരണവും കൂട്ടായ പ്രവർത്തനവും | 4. നൃത്ത ഭാഗങ്ങൾ സംവിധാനം ചെയ്യാൻ സമപ്രായക്കാരുമായി സഹകരിക്കുന്നു. | 12 | | |
| | | | 5. ചലനവും താളവും ഉപയോഗിച്ച് വിവിധ ജ്യാമിതീയ രൂപങ്ങൾ സൃഷ്ടിക്കുന്നു. | 13 | | |
| സി ജി2 | സി-2.1 | സ്റ്റീരിയോടൈപ്പുകൾ തിരിച്ചറിയൽ | 6. നൃത്തത്തിൽ വെല്ലുവിളിക്കപ്പെടുന്ന ലിംഗപരമായ സ്റ്റീരിയോടൈപ്പുകൾ വിവരിക്കുന്നു. | 13 | | |
| | | | 7. എല്ലാത്തരം നൃത്തവും ചലനവും പരീക്ഷിക്കാനുള്ള തുറന്ന മനസ്സ് കാണിക്കുന്നു. | 13 | | |
| | | | 8. നൃത്തത്തിലെ തടസ്സങ്ങൾ മാറ്റുന്നതിനെ അടിസ്ഥാനമാക്കിയുള്ള ഒരു പ്രോജക്റ്റ് അവതരിപ്പിക്കുന്നു. | 13 | | |
| | സി-2.2 | ഭാവനയും സർഗ്ഗാത്മകതയും | 9. ലളിതമായ സന്ദേശങ്ങളും വാചകങ്ങളും സൃഷ്ടിക്കാൻ ഹസ്തകൾ ഉപയോഗിക്കുന്നു. | 12 | | |
| | | | 10. നൃത്ത ഭാവങ്ങളിൽ വിവിധ ജ്യാമിതീയ രൂപങ്ങൾ ദൃശ്യവൽക്കരിക്കുന്നു. | 13 | | |
| | | | 11. നൃത്തത്തിനായി ഉപകരണങ്ങളും ആഭരണങ്ങളും രൂപകൽപ്പന ചെയ്യുകയും സൃഷ്ടിക്കുകയും ചെയ്യുക. | 14 | | |

© NCERT not to be republished

| CG | C | പൊതുവായ മാനദണ്ഡങ്ങൾ | നൃത്തത്തിലും ചലനത്തിലും നിർദ്ദിഷ്ട പഠന ഫലങ്ങൾ | അദ്ധ്യായം | അദ്ധ്യാപിക | സ്വയം |
|---|---|---|---|---|---|---|
| സി ജി3 | സി-3.1 | വസ്തുക്കൾ, ഉപകരണങ്ങൾ, തന്ത്രങ്ങൾ എന്നിവയുടെ ഉപയോഗം | 12. നട്ടെല്ലിന്റെ വളവുകൾ ഉപയോഗിച്ച് ശരീര ഭാവങ്ങൾ പ്രദർശിപ്പിക്കുന്നു. | 12 | | |
| | | | 13. നവരസങ്ങളെ അടിസ്ഥാനമാക്കി വികാരങ്ങൾ മുഖഭാവങ്ങളിൽ കാണിക്കുന്നു. | 12 | | |
| | | | 14. ഉപകരണങ്ങൾ ഉപയോഗിക്കുന്നതിനും നൃത്തം അവതരിപ്പിക്കാൻ വരുന്നതിനും പോകുന്നതിനും ഉള്ള സ്ഥലത്തെ കുറിച്ചുള്ള ധാരണ | 13 | | |
| | | | 15. നൃത്തരൂപങ്ങളിലുടനീളമുള്ള ചലനങ്ങൾ, ഭാവങ്ങൾ, ആംഗ്യങ്ങൾ എന്നിവയിലെ സമാനതകൾ തിരിച്ചറിയുക. | 14 | | |
| | സി-3.2 | തയ്യാറെടുപ്പ് മുതൽ അവതരണം വരെയുള്ള പ്രവർത്തന പ്രക്രിയ | 16. ഒരു നൃത്ത പ്രകടനത്തിനായി സംഗീത ഉപകരണങ്ങൾ, ചലനം, മറ്റ് ഉപകരണങ്ങൾ എന്നിവ ഒരുമിച്ച് കൊണ്ടുവരുന്നു. | 14 | | |
| | | | 17. നൽകിയിരിക്കുന്ന പ്രമേയത്തിനായി ലളിതമായ നാട്യ തിരക്കഥ തയ്യാറാക്കുന്നു. | 14 | | |
| | | | 18. മുദ്രകൾ, ചലനങ്ങൾ, മുഖഭാവങ്ങൾ എന്നിവ സംഗീതത്തോടൊപ്പം പരിശീലിക്കുകയും അവതരിപ്പിക്കുകയും ചെയ്യുന്നു. | 14 | | |
| സി ജി4 | സി-4.1 | പ്രാദേശികവും തദ്ദേശീയവുമായ കലാ രൂപങ്ങളെക്കുറിച്ചും കലാകാരന്മാരെയും കുറിച്ചുള്ള അറിവ് | 19. ഇന്ത്യയിലുടനീളമുള്ള ചില ശാസ്ത്രീയ നൃത്തരൂപങ്ങളുടെ പേരുകൾ പറയുക. | 12 | | |
| | | | 20. വിവിധ ലോക് നൃത്യങ്ങളിലെ ലിംഗ മാനദണ്ഡങ്ങൾ വിശകലനം ചെയ്യുക. | 13 | | |
| | | | 21. വിവിധ ഇന്ത്യൻ സംസ്ഥാനങ്ങളിലെ നൃത്തരൂപങ്ങളെ താരതമ്യം ചെയ്യുക. | 15 | | |
| നൃത്തത്തിലെ അർദ്ധ വാർഷിക ഫോർമേറ്റീവ് അസസ്മെന്റ് അഗ്രഗേറ്റ്<br>നൃത്തത്തിലെ വാർഷിക ഫോർമേറ്റീവ് അസസ്മെന്റ് അഗ്രഗേറ്റ് | | | | | | |
| നൃത്തത്തിലെ എൻഡ്-ടേം ഫോർമേറ്റീവ് അസസ്മെന്റ് അഗ്രഗേറ്റ് | | | | | | |

© NCERT not to be republished

| CG | C | പൊതുവായ മാനദണ്ഡങ്ങൾ | നാടകത്തിലെ നിർദ്ദിഷ്ട പഠന ഫലങ്ങൾ | അദ്ധ്യായം | അദ്ധ്യാപിക | സ്വയം |
|---|---|---|---|---|---|---|
| സി ജി3 | സി-3.1 | മെറ്റീരിയലുകൾ, ഉപകരണങ്ങൾ, ടെക്നിക്കുകൾ എന്നിവയുടെ ഉപയോഗം | 1. അവരുടെ ആശയങ്ങളും വികാരങ്ങളും പ്രകടിപ്പിക്കാൻ പുതിയ വാക്കുകൾ കണ്ടെത്താൻ ശ്രമിക്കുന്നു. | 19 | | |
| | | | 2. അവരുടെ ദൈനംദിന ജീവിതത്തിൽ വൈരുദ്ധ്യമുള്ള സാഹചര്യങ്ങൾ തിരിച്ചറിയുന്നു | 17, 19, 20 | | |
| | | | 3. നവരസങ്ങൾ അവരുടെ ദൈനംദിന അനുഭവങ്ങളുമായി ബന്ധിപ്പിക്കുന്നു . | 16 | | |
| | | | 4. ഒരു അവതരണം നടത്താൻ സമപ്രായക്കാരുമായി സഹകരിക്കുന്നു. | 19 | | |
| | | | 5. രണ്ടോ അതിലധികമോ കഥാപാത്രങ്ങൾ ഉപയോഗിച്ച് പാവ കളി സൃഷ്ടിക്കുന്നു. | 16 | | |
| | സി-3.2 | തയ്യാറെടുപ്പ് മുതൽ അവതരണം വരെയുള്ള പ്രവർത്തന പ്രക്രിയ | 6 .ഒരു കഥയിലെ കഥാപാത്രങ്ങളുടെ സാധാരണ സവിശേഷതകൾ മനസിലാക്കുന്നു | 17, 19 ,20 | | |
| | | | 7. എല്ലാ ലിംഗത്തിലുമുള്ള കഥാപാത്രങ്ങൾക്കായി വസ്ത്രവും ചമയവും ദൃശ്യവൽക്കരിക്കുന്നു. | 17, 19, 20 | | |
| | | | 8 .സാഹചര്യങ്ങൾ രംഗങ്ങൾ കഥാപാത്രങ്ങൾ എന്നിവയുടെ മികച്ച വിശദാംശങ്ങൾ ദൃശ്യവൽക്കരിക്കുന്നു | 19, 20 | | |
| | | | 9 .സാഹചര്യങ്ങളെയും ലളിതമായ കഥകളെയും സങ്കൽപ്പിക്കുകയും പ്രതികരിക്കുകയും ചെയ്യുന്നു. | 19, 20 | | |
| | | | 10. പ്രാദേശിക സംസ്കാരത്തെയും സ്വന്തം വികാരങ്ങളേയും അടിസ്ഥാനമാക്കി മുഖംമൂടികൾ സൃഷ്ടിക്കുന്നു. | 18, 19 | | |

© NCERT not to be republished

| CG | C | പൊതുവായ മാനദണ്ഡങ്ങൾ | നാടകത്തിലെ നിർദ്ദിഷ്ട പഠന ഫലങ്ങൾ | അദ്ധ്യായം | അദ്ധ്യാപിക | സ്വയം |
|---|---|---|---|---|---|---|
| | സി -4.2 | രൂപങ്ങളും കലാകാരന്മാരും | 11. പലതരം പാവകളെ സൃഷ്ടിക്കുന്നു (വിരൽ, സോക്ക്, വടി, നിഴൽ).. | 18 | | |
| | | | 12. വസ്ത്രാലങ്കാരം , ചമയം , സ്റ്റേജ് രൂപകൽപന എന്നിവ സൃഷ്ടിക്കുകയും അവയെ ഒരു സൃഷ്ടിക്കായി തമ്മിൽ ബന്ധിപ്പിക്കുകയും ചെയ്യുന്നു. | 18, 19 | | |
| | | | 13. പേപ്പറും കാർഡ്ബോർഡും ഉപയോഗിച്ച് പലതരം മുഖംമൂടികൾ സൃഷ്ടിക്കുന്നു. | | | |
| | | | 14. കഥാപാത്രങ്ങളുടെ ശബ്ദം മോഡുലേറ്റുചെയ്യുന്നതിനുള്ള പരീക്ഷണങ്ങൾ. | | | |
| | | | 15. മുഖഭാവം, ശബ്ദം, പ്രവൃത്തി എന്നിവയിലൂടെ വികാരങ്ങൾ പ്രകടിപ്പിക്കുന്നു. | 16 | | |
| | സി -3.2 | തയ്യാറെടുപ്പ് മുതൽ അവതരണം വരെയുള്ള പ്രവർത്തന പ്രക്രിയ | 16. കഥകൾ സംഭാഷണങ്ങളായി എഡിറ്റുചെയ്യുകയും പരിഷ്കരിക്കുകയും ചെയ്യുന്നു. | 17, 19 ,20 | | |
| | | | 17. ഒരു കഥയ്ക്ക് തുടക്കവും മധ്യഭാഗവും ഒടുക്കവും ഉള്ളതായി രൂപപ്പെടുത്തുക. | 17, 19, 20 | | |
| | | | 18. ചലനങ്ങളും സംഭാഷണ അവതരണവും പരിശീലനം ചെയ്യുന്നു. | 19, 20 | | |
| | | | 19. പ്രേക്ഷകർക്കായി ഒരു സമ്പൂർണ്ണ പരിപാടി അവതരിപ്പിക്കുന്നു. | 19, 20 | | |
| സി ജി4 | സി -4.1 യും സി -4.2 | പ്രാദേശികവും പ്രാദേശികവുമായ കലയെക്കുറിച്ചുള്ള അറിവ് | 20. കഥകളുടെയും വേഷവിധാനങ്ങളുടെയും തരങ്ങളിലെ വ്യത്യാസങ്ങൾ തിരിച്ചറിയുന്നു. | 18, 19 | | |
| | | | 21. ജനപ്രിയ നാടക കമ്പനികളുടെ പേരുകൾ ഓർമ്മിക്കുന്നു. | 18 | | |
| | | | 22. ഇന്നത്തെ നാടകത്തെ കമ്പനി നാടകവുമായും പരമ്പരാഗത പാവകളിയുമായും താരതമ്യം ചെയ്യുന്നു. | 18, 19 | | |
| നാടകത്തിലെ അർദ്ധ വാർഷിക ഫോർമേറ്റീവ് അസസ്മെന്റ് അഗ്രഗേറ്റ് | | | | | | |
| നാടകത്തിലെ വാർഷിക ഫോർമേറ്റീവ് അസസ്മെന്റ് അഗ്രഗേറ്റ് | | | | | | |

© NCERT not to be republished

# സമ്മേറ്റീവ് വിലയിരുത്തൽ

| നാടകം | സമ്മേറ്റീവ് വിലയിരുത്തലിന്റെ ഉദാഹരണങ്ങൾ | മൂല്യനിർണ്ണയത്തിനുള്ള മാനദണ്ഡങ്ങൾ |
|---|---|---|
| വ്യക്തിഗതം | • ഒരു പട്ടം നിങ്ങൾക്ക് എന്താണ് അർത്ഥമാക്കുന്നത്?<br>• നിങ്ങൾക്ക് ഇഷ്ടമുള്ള ഏതെങ്കിലും ആകൃതിയിൽ ഒരു പട്ടം രൂപകൽപ്പന ചെയ്യുക (സാധാരണ അല്ലെങ്കിൽ ക്രമരഹിതം).<br>• പട്ടം നിർമ്മിക്കാൻ നിങ്ങളുടെ ചുറ്റുപാടുകളിൽ നിന്ന് വസ്തുക്കൾ തിരഞ്ഞെടുക്കുക.<br>• നിങ്ങളെ സന്തോഷിപ്പിക്കുന്ന ചിത്രങ്ങൾ വരയ്ക്കുകയോ നിറം നൽകുകയോ കൊളാഷ് ചെയ്യുകയോ ചെയ്യുക.<br>• കാറ്റിൽ തൂങ്ങിക്കിടക്കാനോ പറക്കാനോ കഴിയുന്ന തരത്തിൽ ഒരു ചരട് ഘടിപ്പിക്കുക. | ദൈനംദിന അനുഭവത്തിന്റെ വ്യക്തിപരമായ ആവിഷ്കാരം.<br>ഭാവനയും സർഗ്ഗാത്മകതയും.<br>അവരുടെ ആശയത്തിന് അനുയോജ്യമായ മെറ്റീരിയലുകൾ തിരഞ്ഞെടുക്കുന്നു. അനുയോജ്യമായ സാങ്കേതിക വിദ്യകളും പ്രശ്ന പരിഹാരവും പ്രയോഗിക്കുക. അവതരണം. |
| ഗ്രൂപ്പ് (3 – 4) | • അനുയോജ്യമായ സ്ഥലം കണ്ടെത്തി നിങ്ങളുടെ എല്ലാ പട്ടങ്ങളും ഒരുമിച്ച് പ്രദർശിപ്പിക്കുക.<br>• പ്രദർശനത്തിൽ നിങ്ങളുടെ പട്ടം കണ്ടെത്താനും അതിനെക്കുറിച്ച് സംസാരിക്കാനും നിങ്ങളുടെ സുഹൃത്തുക്കളോട് ആവശ്യപ്പെടുക. | സഹകരണവും കൂട്ടായ പ്രവർത്തനവും . വിമർശനാത്മക ചിന്ത. |

| സംഗീതം | സമ്മേറ്റീവ് വിലയിരുത്തലിന്റെ ഉദാഹരണങ്ങൾ | മൂല്യനിർണ്ണയത്തിനുള്ള മാനദണ്ഡങ്ങൾ |
|---|---|---|
| വ്യക്തിഗതം | • ഒരു ഗാനം പ്ലേ ചെയ്യുന്നു, വിദ്യാർത്ഥി അതിലെ പ്രധാന വികാരം തിരിച്ചറിയുന്നു.<br>• പ്ലേ ചെയ്യുന്ന ഗാനത്തിലെ പ്രധാന വികാരം പ്രകടിപ്പിക്കാൻ പിച്ച്, ഡൈനാമിക്സ്, വരികൾ, ഉപകരണങ്ങൾ എന്നിവ എങ്ങനെ സഹായിക്കുന്നു എന്ന് ചർച്ച ചെയ്യുക.<br>• ഗാനത്തിലെ താളചക്രം തിരിച്ചറിയുക, ശരീര താളവാദ്യം ഉപയോഗിച്ച് ലളിതമായ താള ഘടന സൃഷ്ടിക്കാൻ ശ്രമിക്കുക. | വിവിധ രസങ്ങളെക്കുറിച്ചോ വികാരങ്ങളെക്കുറിച്ചോ ഉള്ള അറിവ്.<br>സംഗീത ഘടകങ്ങളും വികാരങ്ങളും തമ്മിലുള്ള ബന്ധം.<br>പാദങ്ങൾ അടിക്കുകയോ കൈയടിക്കുകയോ താളം ഉപയോഗിച്ചോ റിഥം നിലനിർത്തുന്നു.<br>ലളിതമായ താള ഘടനകൾ സൃഷ്ടിക്കാൻ കഴിയും. |
| ഗ്രൂപ്പ് (3 – 4) | • വിദ്യാർത്ഥികൾ ഒരു കഥ തിരഞ്ഞെടുക്കുകയും ആഖ്യാനം സജീവമാക്കാൻ പാട്ടുകൾ ഉപയോഗിക്കുകയും ചെയ്യുന്നു. | സംഗീത ഭാഗങ്ങൾ തിരഞ്ഞെടുക്കുന്നതിൽ സജീവമായി പങ്കെടുക്കുന്നു.<br>പ്രേക്ഷകർക്ക് മുന്നിൽ അവസാനം പ്രകടനം അവതരിപ്പിക്കുന്നു. |

| നൃത്തം | സമ്മേറ്റീവ് വിലയിരുത്തലിന്റെ ഉദാഹരണങ്ങൾ | മൂല്യനിർണ്ണയത്തിനുള്ള മാനദണ്ഡങ്ങൾ |
|---|---|---|
| വ്യക്തി | • രസ ത്തിന്റെ നാമവുമായി പൊരുത്തപ്പെടുന്ന ഒരു വികാരം കാണിക്കുക.<br>• കൊടുത്തിരിക്കുന്ന രണ്ടോ മൂന്നോ ഹസ്തങ്ങൾ കാണിക്കുക.<br>• ഭാവനാത്മകമായ ഒരു ഹസ്ത സൃഷ്ടിക്കുക.<br>• പ്രോജക്റ്റ് വർക്ക്. | ചലനത്തിനായി ശരീരത്തിന്റെ ഭാവനാപരമായ ഉപയോഗം.<br>ഉപയോഗിച്ച നട്ടെല്ലിന്റെ വളവുകൾ കാണിക്കുന്നു.<br>താളാത്മകമായി പാദങ്ങൾ അടിക്കുന്നു.<br>കൈകളും കാലുകളും ഏകോപിപ്പിക്കുന്നു. |
| ഗ്രൂപ്പ് (3 – 4) | • നൃത്തത്തിന്റെയും താളത്തിന്റെയും സീക്വൻസ് ഫ്രേസ് .<br>• ഹസ്തകളിലൂടെ സംവദിക്കുക അല്ലെങ്കിൽ ആശയവിനിമയം നടത്തുക | ഗ്രൂപ്പുമായി താളം പൊരുത്തപ്പെടുത്തുന്നു.<br>സംവിധാനം ചെയ്യുമ്പോൾ സഹകരിക്കുന്നു. |

© NCERT not to be republished

| നാടകം | സമ്മേറ്റീവ് വിലയിരുത്തലിന്റെ ഉദാഹരണങ്ങൾ | മൂല്യനിർണ്ണയത്തിനുള്ള മാനദണ്ഡങ്ങൾ |
|---|---|---|
| വ്യക്തി | • ഒരു വികാരം അല്ലെങ്കിൽ രസം അധ്യാപകൻ നൽകുന്നു.<br>• കുട്ടി പേരുള്ള ഒരു കഥാപാത്രത്തെ സൃഷ്ടിക്കുന്നു .<br>• ആ വികാരത്തിൽ ആ കഥാപാത്രത്തിന്റെ രണ്ട് സാഹചര്യങ്ങൾ വിവരിക്കുകയോ എഴുതുകയോ ചെയ്യുക.<br>• ഒരേ കഥാപാത്രത്തിനായി വസ്ത്രാലങ്കാരം രൂപകൽപ്പന ചെയ്യുകയും ചമയമിടുകയും ചെയ്യുക. | വികാരങ്ങളെയും രസങ്ങളെയും കുറിച്ചുള്ള അറിവ്.<br>അതുമായി ബന്ധപ്പെടുത്തുകയും ജീവിതത്തിൽ അതിന്റെ പ്രയോഗത്തെ മനസ്സിലാക്കുകയും ചെയ്യുന്നു.<br>അത് അവതരിപ്പിക്കുന്നതിനുള്ള ആത്മവിശ്വാസം (വാക്കാലോ രേഖാമൂലമോ). |
| ഗ്രൂപ്പ് (3 – 4) | • വ്യക്തമായ ആരംഭ-മധ്യ-അവസാന സംഭാഷണങ്ങൾ ഉപയോഗിച്ച് ലളിതമായ ഒരു കഥ എഴുതുക.<br>• ആ കഥയിലെ രണ്ട് കഥാപാത്രങ്ങളെ പ്രതിനിധീകരിക്കാൻ | സ്വാഭാവികതയും പ്രശ്നപരിഹാരവും. ടീം വർക്കും നേതൃത്വവും സ്ക്രിപ്റ്റും മാസ്കുകളും മനസ്സിലാക്കുന്നു |

| മിഡ് ടേം സ്കോർ | ഫോർമേറ്റീവ് അഗ്രിഗേറ്റ് സ്കോർ | സമ്മേറ്റീവ് അഗ്രിഗേറ്റ് സ്കോർ | ആകെ |
|---|---|---|---|
| ദൃശ്യ കല | | | |
| സംഗീതം | | | |
| നൃത്തം | | | |
| നാടകം | | | |
| **കലാ വിദ്യാഭ്യാസം ആകെ** | | | |
| വിദ്യാർത്ഥികളുടെ ശക്തിയെക്കുറിച്ചുള്ള അഭിപ്രായങ്ങൾ | | | |
| മെച്ചപ്പെടുത്തേണ്ട മേഖലകളെക്കുറിച്ചുള്ള അഭിപ്രായങ്ങൾ | | | |

| വാർഷിക പരീക്ഷയുടെ സ്കോർ | ഫോർമേറ്റീവ് അഗ്രിഗേറ്റ് സ്കോർ | സമ്മേറ്റീവ് അഗ്രിഗേറ്റ് സ്കോർ | ആകെ | |
|---|---|---|---|---|
| ദൃശ്യ കല | | | | |
| സംഗീതം | | | | |
| നൃത്തം | | | | |
| നാടകം | | | | |
| **കലാ വിദ്യാഭ്യാസം ആകെ** | | | | |
| വിദ്യാർത്ഥികളുടെ ശക്തിയെക്കുറിച്ചുള്ള അഭിപ്രായങ്ങൾ | | | | |
| മെച്ചപ്പെടുത്തേണ്ട മേഖലകളെക്കുറിച്ചുള്ള അഭിപ്രായങ്ങൾ | | | | |

© NCERT not to be republished